പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3835 20/07/2015 - ൽ മറുപടിയ്ക്ക്

**വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |

(എ) പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെടുന്ന മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എ) പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് മാത്രമായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടില്ല. എന്നാൽ എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആർ.എം.എസ്.എ യുടെ കീഴിൽ നിശ്ചിത ദൂരപരിധിയിൽ സ്കൂളുകൾ ഇല്ലാത്ത സ്ഥല ങ്ങളിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും വളരെ ഉൾപ്രദേശങ്ങളിൽ ഒറ്റപ്പെട്ടുകിടക്കുന്ന ആദിവാസി മേഖലകളിലും പിന്നാക്ക മേഖലകളിലും മൾട്ടി ലേണിംഗ് സെന്ററുകൾ (എം. ജി. എൽ. സി) പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) 2015 ലെ ആറാം പ്രവൃത്തി ദിനത്തിലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികൾ എത്ര; ജില്ലാടിസ്ഥാനത്തിൽ എയ്ഡഡ്/സർക്കാർ മേഖല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 2015-2016 വർഷത്തെ ആറാം പ്രവൃത്തി ദിന കണക്ക് പ്രകാരം സംസ്ഥാനത്ത് ജില്ലാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം സർക്കാർ /എയിഡഡ് തിരിച്ച് ചേർക്കുന്നു.

| ജില്ല | സർക്കാർ | എയിഡഡ് |
|---|---|---|
| തിരുവനന്തപുരം | 135838 | 122505 |
| കൊല്ലം | 94950 | 136220 |
| പത്തനംതിട്ട | 20318 | 60363 |
| ആലപ്പുഴ | 51706 | 123683 |
| കോട്ടയം | 23816 | 134062 |
| ഇടുക്കി | 31435 | 66764 |
| എറണാകുളം | 44570 | 187450 |

| | | |
|---|---|---|
| തൃശ്ശൂർ | 60166 | 223916 |
| പാലക്കാട് | 117040 | 198251 |
| മലപ്പുറം | 237946 | 397783 |
| കോഴിക്കോട് | 117013 | 248547 |
| വയനാട് | 57737 | 49920 |
| കണ്ണൂർ | 74612 | 196545 |
| കാസറഗോഡ് | 87540 | 67036 |
| ആകെ | 1154687 | 2213045 |

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് എയ്ഡഡ്/ സർക്കാർ മേഖലയിൽ സ്കൂൾ വിദ്യാഭ്യാസം തേടിയെത്തുന്നവരുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് എയിഡഡ്/ സർക്കാർ മേഖലയിൽ വിദ്യാഭ്യാസം തേടിയെത്തുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. എന്നാൽ ഒന്നാം ക്ലാസ്സിൽ 702 കുട്ടികളുടെ വർദ്ധനവ് ഉണ്ട്. സ്കൂളുകളിലെ അക്കാദമിക പ്രവർത്ത നങ്ങളുടെ മോണിറ്ററിംഗ് ശക്തമാക്കുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ